"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ഇലക്ഷൻ വകുപ്പ് - ഇലക്ഷൻ വകുപ്പിലെ മുൻ അഡീഷണൽ സെക്രട്ടറി & അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ, ശ്രീ.കെ.അശോക് കുമാറിന്റെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്**

സ.ഉ.(സാധാ) നം.151/2025/ELEC തീയതി,തിരുവനന്തപുരം, 10-04-2025

---

പരാമർശം:- 1) ഇലക്ഷൻ വകുപ്പിലെ മുൻ അഡീഷണൽ സെക്രട്ടറി & അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീ.കെ.അശോക് കുമാർ 27.01.2020 തീയതിയായി സമർപ്പിച്ച മെഡിക്കൽ റീഇംബേഴ്സ്മെൻറ് അപേക്ഷ.

2) തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ 10.05.2023- ലെ C3/15584/2023/DMO(H) നമ്പർ കത്ത്.

## ഉത്തരവ്

ഇലക്ഷൻ വകുപ്പിലെ മുൻ അഡീഷണൽ സെക്രട്ടറി & അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസറായിരുന്ന ശ്രീ.കെ.അശോക് കുമാർ, തന്റെ ഭാര്യ ശ്രീമതി.വി.കെ.മായയുടെ ചികിൽസയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ 15.11.2019 മുതൽ 13.01.2020 വരെ ചെലവായ 87,350/- (എൺപത്തി ഏഴായിരത്തി മുന്നൂറ്റി അൻപത് രൂപ) അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ അനുവദനീയമായ തുക 55,222/- രൂപയാണെന്ന് പരാമർശം - (2) പ്രകാരം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമാണെന്ന് അറിയിച്ച 55,222/- രൂപയുടെ 80 % ആയ 44,178/- (നാൽപ്പത്തിനാലായിരത്തി ഒരുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) ടി ജീവനക്കാരന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ "2015-00-102-99-01-04-Medical Reimbursement" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനീഷ് റ്റി

ADDITIONAL SECRETARY & ADDITIONAL CHIEF ELECTORAL OFFICER

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ /ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.

ശ്രീ. അശോക് കുമാർ.കെ, അഡീഷണൽ സെക്രട്ടറി & അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ (റിട്ട), ഇലക്ഷൻ വകുപ്പ്.

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് (03.02.2025 ലെ ജി2/327/2022/ആ.കു.വ നമ്പർ കത്ത്.)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Salunath V S

Date: 10-04-2025 11:40:59

സെക്ഷൻ ഓഫീസർ